(സി&ഡി) ഭക്തരെ മർദ്ദിച്ച സംഭവുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ നിന്നും നിർദ്ദേശങ്ങളൊന്നും ലഭിച്ചിട്ടില്ല. കൂടാതെ ഭക്തനെ മർദ്ദിച്ച സംഭവവുമായി ബന്ധപ്പെട്ട കമ്മീഷനെ നിയമിച്ചിട്ടില്ല. എന്നാൽ ദേവസ്വത്തിൽ അടുത്ത കാലത്തുണ്ടായ ചില സംഭവങ്ങളുടെ പശ്ചാത്തലത്തിൽ ദേവസ്വത്തിലെ ഭരണപരമായ പരിഷ്ക്കാരങ്ങളെ സംബന്ധിച്ചും ഗുരുവായൂർ ദേവസ്വത്തിന്റെ ആക്ടിലെ ഭേദഗതിയെ സംബന്ധിച്ചും ഒരു സമഗ്രമായ റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഹൈക്കോടതിയിൽ നിന്നും വിരമിച്ച ജസ്റ്റിസ് എൻ. കൃഷ്ണൻനായരെ കമ്മീഷനായി നിയമിക്കുകയും ചെയ്തിട്ടുണ്ട്. കമ്മീഷന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

നിലയ്ക്കലിൽ അടിസ്ഥാന സൗകര്യ വികസനം

116 (6821) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമലയുടെ ബേസ് ക്യാമ്പായി പ്രഖ്യാപിച്ച നിലയ്ക്കലിൽ ദേവസ്വം ബോർഡിന് എത്ര ഏക്കർ ഭൂമിയാണ് വിട്ടുകിട്ടിയിട്ടുള്ളത് ;

(ബി) അയ്യപ്പഭക്തർക്കായി എന്തെല്ലാം അടിസ്ഥാനസൗകര്യങ്ങളാണ് ഇവിടെ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത് ;

(സി) അന്യസംസ്ഥാനങ്ങളിൽ നിന്നും ദർശനത്തിന് എത്തുന്ന ഭക്തർക്കായി അതതു സംസ്ഥാനങ്ങളുടെ ഉടമസ്ഥതയിൽ ക്യാമ്പ് ഷെഡുകൾ പണിത് തീർത്ഥാടകക്ഷേമം ഉറപ്പുവരുത്താൻ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) നിലയ്ക്കലോ പമ്പയോ കേന്ദ്രീകരിച്ച് ദേവസ്വം ബോർഡിന്റെ ഉടമസ്ഥതയിൽ മെഡിക്കൽ കോളേജ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) 110.524 ഹെക്ടർ

(ബി) വിവിധ സംസ്ഥാനങ്ങളിൽനിന്നും എത്തുന്ന ഭക്തജനങ്ങളുടെ വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിന് പ്രത്യേക സെക്ടറുകളായി തിരിച്ച് വിപുലമായ പാർക്കിംഗ് സൗകര്യം, ശുദ്ധജല വിതരണ സൗകര്യം, വിശ്രമ കേന്ദ്രങ്ങൾ, ഭക്ഷണശാലകൾ, വൈറ്റിംഗ് സംവിധാനം, ടോയ്ലറ്റ് ബ്ലോക്കുകൾ, പെട്രോൾ പമ്പ്, നിലയ്ക്കൽ-പമ്പ റൂട്ടിൽ കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തുന്നതിനുള്ള ടെർമിനൽ ബസ് സ്റ്റാൻഡ് എന്നിവ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു.

(സി) അന്യസംസ്ഥാനങ്ങളിൽനിന്ന് ദർശനത്തിനെത്തുന്ന അയ്യപ്പ ഭക്തരുടെ സൗകര്യത്തിനായി നിലയ്ക്കലിൽ കർണ്ണാടക, ആന്ധ്രാപ്രദേശ് എന്നീ

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനങ്ങൾക്ക് 5 ഏക്കറോളം ഭൂമി അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കായി ഉടമസ്ഥാവകാശം ദേവസ്വം ബോർഡിൽ നിലനിർത്തിക്കൊണ്ട് അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കർണ്ണാടക സർക്കാരിന് 4.5 ഏക്കറോളം ഭൂമി ഈ ആവശ്യത്തിന് അനുവദിച്ച് നൽകിയിട്ടുണ്ട്. എന്നാൽ എഗ്രിമെന്റിലെ ചില വ്യവസ്ഥകൾ പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് തിരുവിതാംകൂർ ദേവസ്വം എംപ്ലോയീസ് ഫെഡറേഷൻ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസ് തീരുമാനമായതിനുശേഷം മാത്രമേ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ പാടുള്ളൂവെന്ന് കോടതി ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) ഇതിനെ സംബന്ധിച്ച് നിലവിൽ തീരുമാനങ്ങളൊന്നുമെടുത്തിട്ടില്ല.

ദേവസ്വം ബോർഡുകളിലെ നിയമനം

117 (6822) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരളത്തിലെ വിവിധ ദേവസ്വം ബോർഡുകളിലായി എത്ര ജീവനക്കാരെ നിയമിച്ചിട്ടുണ്ടെന്നുള്ളതിന്റെ വിശദവിവരം നൽകുമോ ;

(ബി) ഇതിൽ പി.എസ്.സി. മുഖേന നിയമനം നടത്തിയ ജീവനക്കാരുടെ വിശദവിവരം നൽകുമോ ;

(സി) ദേവസ്വംബോർഡുകൾ നേരിട്ട് നടത്തിയിട്ടുള്ള നിയമനങ്ങളുടെ വിശദവിവരം നൽകുമോ ?

ഉത്തരം

(എ-സി) ദേവസ്വം ബോർഡുകളിൽ പി.എസ്.സി. മുഖേന നിയമനങ്ങൾ നടത്തുന്നില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെകീഴിലുള്ള ക്ഷേത്രങ്ങളിൽ 499 തസ്തികകളിലേക്കും ദേവസ്വം എസ്റ്റാബ്ലിഷ്മെന്റിൽ 94 തസ്കകളിലേക്കും ദേവസ്വം ബോർഡിന് കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്ക് 58 തസ്തികകളിലും നിയമനങ്ങൾ നടത്തിയിട്ടുണ്ട്. ഗുരുവായൂർ ദേവസ്വത്തിൽ 49 പേരെയും ദേവസ്വത്തിന് കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 36 പേരെയും നിയമിച്ചതായി ഗുരുവായൂർ ദേവസ്വം അഡ്മിനിസ്ട്രേറ്റർ അറിയിച്ചിട്ടുണ്ട്. കൊച്ചിൻ ദേവസ്വം ബോർഡിൽ 31 അദ്ധ്യാപക നിയമനങ്ങൾ നടത്തിയിട്ടുള്ളതായി ദേവസ്വം കമ്മീഷണർ അറിയിച്ചിട്ടുണ്ട്. മലബാർ ദേവസ്വം ബോർഡ് രൂപീകരിക്കപ്പെട്ടതിനുശേഷം സമാനനിയമനങ്ങളൊന്നുംതന്നെ നടത്തിയിട്ടില്ല. തിരുവിതാംകൂർ, കൊച്ചി ദേവസ്വം ബോർഡുകളും ഗുരുവായൂർ ദേവസ്വവും നടത്തിയിട്ടുള്ള നിയമനങ്ങളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly